(ബി) വിതരണം ചെയ്ത തുകയുടെ വിശദവിവരം ജില്ല തിരിച്ച് നൽകുമോ;

(സി) തുക അനുവദിക്കാത്ത ജില്ലകളുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	അനുവദിച്ച തുക (രൂപയിൽ)
2013-14	2,11,00,000
2014-15	1,00,00,000

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ബാധകമല്ല.

പാലക്കാട് ജില്ലയിലെ റവന്യൂ റിക്കവറി നടപടി

142(3022) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-11-2015-ന് അവസാനിച്ച കാലയളവിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര രൂപയാണ് പാലക്കാട് ജില്ലയിൽനിന്നും പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര രൂപയ്ക്കുള്ള സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഗവൺമെന്റ് സ്റ്റേ, കോടതി നൽകിയ സ്റ്റേ, മറ്റ് അധികാര സ്ഥാപനം നൽകിയ സ്റ്റേ എന്നിവ പ്രത്യേകം അറിയിക്കാമോ;

(സി) ബാങ്കിലേക്ക് ഈടു നൽകാതെയും വിദ്യാഭ്യാസ വായ്പ എടുത്തവരും കാർഷിക വായ്പ എടുത്തവരും കുടിയിരുപ്പ് അല്ലാതെ മറ്റ് സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തവരുമായ കുടിശ്ശികക്കാരിൽനിന്നും എങ്ങനെയാണ് തുക പിരിച്ചെടുക്കുന്നത്;

(ഡി) ഇത്തരം കേസുകൾ എത്രയുണ്ട്; ഇവ പരിശോധിച്ച് റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ തിരികെ അയയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ ആകെ 2,83,91,93,282 രൂപ കുടിശ്ശികയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ സംഖ്യയിൽ സ്റ്റേ അനുവദിച്ചുള്ള ഇനത്തിൽ ആകെ 2,11,44,43,165 രൂപയാണ്. ഇതിൽ ഗവൺമെന്റ് സ്റ്റേ ഇനത്തിൽ 35,72,03,447 രൂപയും കോടതി സ്റ്റേ ഇനത്തിൽ 1,53,97,40,211 രൂപയും മറ്റ് അധികാര സ്ഥാപനങ്ങൾ നൽകിയിട്ടുള്ള സ്റ്റേ ഇനത്തിൽ 21,74,99,507 രൂപയുമാണ് ഉള്ളത്.

(സി) സർക്കാർ തലത്തിൽ വായ്പാ കടിശ്ശികകൾ ഈടാക്കുന്നത് കേരള റവന്യൂ റിക്കവറി നിയമം 1968-ൽ അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ആസ്പദമാക്കിയാണ്.

(ഡി) ബാങ്കുകൾ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി നൽകുന്ന അർത്ഥനകളിൽ വായ്പ സംബന്ധിച്ച വിവരങ്ങൾ നൽകാത്തതിനാൽ വായ്പയുടെ ഇനം തരം എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാവരജംഗമ വസ്തുക്കളൊന്നും ഇല്ലാത്തവരുടെ പേരിലുള്ള ആർ.ആർ. നടപടികൾ നിർത്തിവയ്ക്കേണ്ടത് റിക്കവറി ഉദ്യോഗസ്ഥരുടെ വിവേചനാധികാര പരിധിയിൽ വരുന്നതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

പെരിങ്ങോം വില്ലേജിലെ മിച്ചഭൂമി

143(3023) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ ശ്രീ. കെ.യു. ജോണിൽനിന്നും RS No. 85-ൽ ഏറ്റെടുത്ത മിച്ചഭൂമി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നത് പ്ലോട്ട് നമ്പർ ക്രമത്തിലാണോ;

(സി) പ്ലോട്ട് നമ്പർ ക്രമത്തിലല്ലാതെ ആർക്കൊക്കെ ഭൂമി അളന്ന് നൽകിയിട്ടുണ്ടെന്നും ആയതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ;

(ഡി) അനുവദിച്ചു കിട്ടിയ മുഴുവൻ പേർക്കും ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊടുക്കാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിങ്ങോം വില്ലേജിൽ ശ്രീ. കെ. യു. ജോണിൽനിന്നും ഏറ്റെടുത്ത R.S.No.85-ൽപ്പെട്ട മിച്ച ഭൂമിയിൽ ആകെ 1963 പ്ലോട്ടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10 സെന്റ് വീതം 1400 പ്ലോട്ടുകൾ ഇതിനകം അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly